## മലങ്കര മാർത്തോമ്മാ സുറിയാനി സഭ
# സഭാ സെക്രട്ടറിയുടെ അറിയിപ്പുകൾ

## മാർത്തോമ്മാ സ്പോർട്ട്സ് / ഗെയിംസ് അവാർഡ്

കായിക മേഖലയിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള മാർത്തോമ്മാ സഭാംഗമായ കായിക താരത്തിന് ഈ വർഷം മുതൽ സ്പോർട്ട്സ് /ഗെയിംസ് അവാർഡ് നൽകി ആദരിക്കുന്നതിന് സഭാ കൗൺസിൽ തീരുമാനിച്ചിരിക്കുന്ന വിവരം അറിയിക്കുന്നു. ഒരു വർഷത്തിൽ ഒരാൾക്ക് ആയിരിക്കും ഈ അവാർഡ് നൽകുക. പ്രശസ്തി പത്രവും 25,000/- രൂപയുമാണ് അവാർഡ്.

കായിക മേഖലയിലെ (സ്പോർട്ട്സ്/ഗെയിംസ്) ആജീവനാന്ത നേട്ടം (Life Time Achievement)/ സംസ്ഥാന/ദേശീയ/ അന്തർദ്ദേശീയ തലങ്ങളിലുള്ള നേട്ടം എന്നിവയായിരിക്കും പരിഗണിക്കുന്നത്. ഇടവകയ്ക്കും മാർത്തോമ്മാ സഭാംഗങ്ങൾക്കും പരിഗണിക്കപ്പെടേണ്ടവരുടെ പേര് നിർദ്ദേശിക്കാവുന്നതാണ്. പരിഗണിക്കപ്പെടുന്നതിന് താത്പര്യമുള്ളവർക്ക് സ്വയമായും അപേക്ഷിക്കാവുന്നതാണ്. പരിഗണിക്കപ്പെടേണ്ട വ്യക്തിയുടെ ബയോഡേറ്റായും അനുബന്ധരേഖകളുടെ പകർപ്പുകളും **2024 ആഗസ്റ്റ് 10-ാം തീയതിക്കകം** **സഭാ സെക്രട്ടറി, മാർത്തോമ്മാ സഭാ ആഫീസ്, തിരുവല്ല-689101** എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ ഇടവക വികാരി സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതാണ്. ഇടവകാംഗത്വം തെളിയിക്കുന്നതിന് ഇടവക വികാരിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഇതോടൊപ്പം നൽകണം. മാർത്തോമ്മാ സഭാ പ്രതിനിധി മണ്ഡലത്തിൽ വച്ച് ഈ അവാർഡ് സമ്മാനിക്കുന്നതാണ്.

---

## പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് കരസ്ഥമാക്കിയവർക്ക് മാർത്തോമ്മാ മെറിറ്റ് അവാർഡ്

പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് കരസ്ഥമാക്കിയ മാർത്തോമ്മാ സഭാംഗങ്ങൾക്ക് മാർത്തോമ്മാ മെറിറ്റ് അവാർഡ് നൽകുന്നതിന് സഭാ കൗൺസിൽ തീരുമാനിച്ചിരിക്കുന്ന വിവരം അറിയിക്കുന്നു. യു.ജി.സി. അംഗീകാരമുള്ള സെക്യുലർ യൂണിവേഴ്സിറ്റികളിൽ നിന്നും പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് കരസ്ഥമാക്കിയിട്ടുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്.

01.04.2023 നും 31.03.2024 നും മദ്ധ്യേ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് നേടിയവരെയാണ് ഈ അവാർഡിനു പരിഗണിക്കുന്നത്. പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് സംബന്ധിച്ച ഓർഡറിന്റെ പകർപ്പ്, പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ഇടവകാംഗത്വം തെളിയിക്കുന്നതിന് വികാരിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ **2024 ആഗസ്റ്റ് 10-ാം തീയതിക്കകം** **സഭാ സെക്രട്ടറി, മാർത്തോമ്മാ സഭാ ആഫീസ്, തിരുവല്ല-689 101** എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.

തിരുവല്ല
23.06.2024

**റവ. എബി റ്റി. മാമ്മൻ,**
സഭാ സെക്രട്ടറി.

## മലങ്കര മാർത്തോമ്മാ സുറിയാനി സഭ
# പ്രതിനിധി മണ്ഡലം-2024

മലങ്കര മാർത്തോമ്മാ സുറിയാനി സഭ വാർഷിക പ്രതിനിധി മണ്ഡലയോഗം 2024 സെപ്റ്റംബർ 17,18,19,20 (ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി) തീയതികളിൽ തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നു. ഈ യോഗത്തിൽ ഭരണഘടന പരിഷ്കരണ കമ്മിറ്റി നിർദ്ദേശിച്ച് മണ്ഡലത്തിൽ സമർപ്പിച്ച 390 വകുപ്പ് പ്രകാരം ഉള്ള ഭരണഘടനാ ഭേദഗതികളും 113, 390 വകുപ്പു പ്രകാരമുള്ള ഭേദഗതികളും അവതരിപ്പിക്കുന്നതും ആയതു ചർച്ച ചെയ്ത് തീരുമാനിക്കുന്നതുമാണ്. യോഗ നടപടികൾ 17-ാം തീയതി ചൊവ്വാഴ്ച്ച രാവിലെ 10 മണിക്ക് അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ മഹനീയ അദ്ധ്യക്ഷതയിൽ ആരംഭിക്കുന്നതാണ്.

തിരുവല്ല
01.07.2024

**റവ. എബി റ്റി. മാമ്മൻ**
സഭാസെക്രട്ടറി